# Weekly Devotion - October 2017

## നിന്ദയുടെ പർവ്വതം ഉരുകുന്നു

## (The Mountain Of Disgrace, Melts)



ഒരിക്കൽ പിന്മാറ്റക്കാരനായ സ്മിത്ത് എന്ന Plumber തന്റെ സുഹൃത്തിനോട് ദൈവം കഴിഞ്ഞാൽ താൻ പിന്നെ സ്നേഹിക്കുന്നത് തന്റെ ഭാര്യയെ ആണെന്ന് വ്യക്തമാക്കി. ഏഴുദിവസവും വേല ചെയ്യുവാൻ താല്പര്യമുള്ള പിന്മാറ്റക്കാരന് പ്രാർത്ഥനകൾക്കും ആരാധനയ്ക്കും വേദപുസ്തകവുമായി പോകുന്ന ഭാര്യ യോട് പുച്ഛമായിരുന്നു. എന്നും നിന്ദിച്ചിട്ടും,കോപിച്ചിട്ടും ഒരു മറുപടിയും പറ യാതെ പുഞ്ചിരിയോടെ വീട്ടുജോലികൾ ചെയ്യുന്ന ഭാര്യ അയാൾക്ക് അത്ഭുതമാ യിരുന്നു. ഒരു ദിവസം ആലയത്തിലേക്ക് ഇറങ്ങിയ ഭാര്യയോട് ഇന്ന് പോകണ്ട എന്ന് സ്മിത്ത് വിലക്കി. ആദ്യമായി ഭാര്യയുടെ മറുപടി വന്നു "നിങ്ങളെ ഞാൻ സ്നേഹിക്കുന്നു ബഹുമാനിക്കുന്നു മാത്രമല്ല അനുസരിക്കുകയും ചെയ്യുന്നു. എന്നാൽ എന്റെ കർത്താവിനെ അതിലും കൂടുതൽ സ്നേഹിക്കുന്നതിനാൽ അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ അനുസരിക്കും" . അന്നത്തെ ആരാധനയിൽ പതിവുപോലെ തന്റെ നിന്ദയുടെ വിഷയത്തെ ഓർത്ത് പ്രാർത്ഥിച്ച് വീട്ടിലേക്ക് മട

ങ്ങി. എന്നാൽ ഭർത്താവ് തന്റെ മുൻപിൽ വാതിലടച്ചതിനാൽ പുറത്തെ വരാന്ത യിൽ കിടന്ന് അവൾ ഉറങ്ങി. രാവിലെ ഭാര്യയെ അന്വേഷിച്ച ഭർത്താവ് കണ്ടത് തണുത്ത് കിടന്നുറങ്ങിയ  ഭാര്യയെ ആണ്. കാൽപെരുമാറ്റം കേട്ട് എഴുന്നേറ്റ വൾ പുഞ്ചിരിയോടെ സുപ്രഭാതം ആശംസിച്ച് തന്റെ ജോലികൾ ചെയ്തു തുട ങ്ങി. ഭർത്താവിന് ഏറ്റവും ഇഷ്ടമുള്ള പ്രഭാതഭക്ഷണം ഉണ്ടാക്കിക്കൊടുത്തവ ളോട് അദ്ദേഹം ക്ഷമ ചോദിച്ചു. അവളുടെ നിന്ദയുടെ പർവ്വതത്തെ ദൈവം ഉരു ക്കിയതിനാൽ പിന്മാറ്റക്കാരനായ സ്മിത്ത് കർത്താവിന്റെ അനുസരണമുള്ള മക നായി മാറി.

നന്മയ്ക്കായിത്തീരുമെന്ന് നാം കരുതുന്നത് തിന്മയ്ക്കായി മാറിയാലും നിരാശപ്പെടേണ്ട. നിന്ദകളെ മാറ്റുന്നവനാണ് നമ്മുടെ ക്രിസ്തു. തന്റെ കടാക്ഷ ത്തിൽ തന്നെ നിന്ദയുടെ പർവ്വതം ഉരുകുമെന്ന് എലിസബേത്തിന്റെ ജീവിത ത്തിൽ നിന്ന് മനസ്സിലാകുന്നതാണ്. ലൂക്കോ (1:25) ൽ കർത്താവ് എന്നെ കടാ ക്ഷിച്ച നാളിൽ മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദമാറി എന്നാണ് എലിസബേത്ത് പറയുന്നത് . അഹരോന്റെ പുത്രിമാരിലൊരുവൾ, ആർക്കും കുറ്റം പറയുവാൻ കഴിയാത്തവിധം നീതിയിൽ ജീവിച്ച ഭർത്താവും ആയിരു ന്നിട്ടും എന്തുകൊണ്ട് നിന്ദ അനുഭവിച്ചു. വൃദ്ധരും ബലഹീനരും ആകും വരെ നിന്ദ അവരെ വേട്ടയാടി. എന്നാൽ തക്കസമയത്ത് സംഭവിപ്പാനുള്ള വാക്ക് പുറ പ്പെട്ടപ്പോഴാണ് മനുഷ്യരുടെ ഇടയിലുള്ള നിന്ദ മാറിയത്. അതേ യഹോവ കടാ ക്ഷിച്ചപ്പോൾ നിന്ദയുടെ പർവ്വതം ഉരുകിപ്പോയി. ഓർക്കുക, “തക്കസമയം” വരെ നിന്ദ അനുഭവിക്കുമ്പോൾ മാത്രമേ യഹോവയുടെ കടാക്ഷം ലഭിക്കുന്നുള്ളൂ.

ഞങ്ങളുടെ പാപം നിമിത്തം ........നിന്ദയായിരിക്കുന്നു(ദാനി:9:16) . ഉദാഹര ണമായി യോഹ: (8:3-11)വരെയുള്ള ഭാഗം ശ്രദ്ധിയ്ക്കാം. അവിടെ സ്ത്രീ സഹി ക്കേണ്ടി വന്ന നിന്ദ അവളുടെ പാപം മൂലമാണ്. യേശുവിന്റെ അടുക്കൽ എത്തിച്ച സ്ത്രീയെ നിന്ദിച്ചവർ അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ ഒരുങ്ങി. എന്നാൽ ആദ്യം കല്ലെറിയുന്നവൻ പാപമില്ലാത്തവനാകണം എന്ന വാക്കിൽ കല്ല് താഴെയിട്ട് എല്ലാവരും മടങ്ങിപ്പോയി. വന്നവരുടെ വ്യാജഭാവവും, സ്ത്രീയുടെ പശ്ചാത്താപമുള്ള ഹൃദയവും മനസ്സിലാക്കിയവൻ അവളുടെ പാപം ക്ഷമിച്ചപ്പോൾ, ഇനി പാപം ചെയ്യരുതെന്ന് കല്പിച്ചപ്പോൾ നിന്ദയുടെ പർവ്വതം ഉരുകി.

ക്രിസ്തു പാപം ചെയ്യാഞ്ഞിട്ടും നിന്ദ സഹിക്കേണ്ടതായി വന്നു. ഗുരുവിന്റെ ജ്ഞാനത്തിൽ, വിസ്മയിച്ചവർ തന്നെ ഇവൻ തച്ചന്റെ മകനല്ലേ, അമ്മ മറിയയല്ലേ എന്ന് ചോദിച്ചുകൊണ്ടിരിന്നു. നമ്മുടെ പാപഭാരം ചുമന്ന് കാൽവറിയിൽ യാഗമായപ്പോഴും പരിഹാസവർഷം ഏൽക്കേണ്ടതായി വന്നു. നിന്ദയുടെ പർവ്വതം അതിന്റെ ഉന്നതിയുടെ പാരമ്യത്തിലയി. ആ പർവ്വതം ഉരുകിയത് അവൻ മരിച്ചവരിൽ ആദ്യജാതനായപ്പോഴാണ്. സകല ഉലകനായകന്മാരും കല്ലറയിലുറങ്ങുമ്പോഴും നമ്മുടെ നാഥന്റെ കല്ലറ ഒഴിഞ്ഞതാണ് അതാണ് നമ്മുടെ വിജയം.

ഈ നല്ലവനായ ക്രിസ്തുവിനുവേണ്ടി നിന്ദ സഹിക്കുവാൻ സാധിച്ചാൽ നാം ഭാഗ്യമുള്ളവരാണ്. (പത്രോ 4:14). ലോകമനുഷ്യരിൽ നിന്ന് കിട്ടുന്നപ്രതിഫലം നിന്ദമാത്രമാകാം. പക്ഷെ നിരാശവേണ്ട നമ്മുക്ക് ഒരു വലിയ പ്രതിഫലം ക്രസ്തുകരുതിയിട്ടുണ്ട്. നാം ഭാഗ്യവാന്മാർ എന്ന് നിന്ദസഹിക്കുമ്പോൾ ചിന്തിച്ചാൽ നിന്ദയുടെ പർവ്വതം തനിയെ ഉരുകും അത് നമ്മെ തകർക്കുകയില്ല. അതിനുള്ള ധൈര്യത്താൽ ദൈവം നമ്മെ നിറയ്ക്കട്ടെ.

## <u>പ്രാർത്ഥന</u>

പ്രിയകർത്താവേ ! അങ്ങ് ഞങ്ങളുടെ നിന്ദയുടെ പർവ്വതത്തിന്റെ ഉപരിതലത്തിൽ കൂടിനടന്നതിനായി സ്തോത്രം. അങ്ങയുടെ പാദ സ്പർശം മൂലം പ്രശ്നങ്ങൾ ഉരുകിയത് കരുണയില്ലാത്ത ഈ ലോകം കണ്ടതിനായി നന്ദി. കരുണയുള്ളവന്റെ മുഖത്തുനോക്കി കരുണയില്ലാത്ത സമൂഹത്തിൽ ജീവിപ്പാൻ കൃപ തരേണമേ,

ആമേൻ

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind